"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ - മുണ്ടക്കൈ-ചൂരൽമല പുനരധിവാസം ടൗൺഷിപ്പ് ഓപ്ഷൻ 2 സ്വീകരിച്ച ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 13,91,00,000/- രൂപ (പതിമൂന്ന് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1373/2025/RD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:- 1. സ.ഉ.(കൈ)നം.2/2025/DMD തീയതി: 15.01.2025.

2. സ.ഉ.(സാധാ)നം.377/2025/DMD തീയതി: 06/06/2025

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മുണ്ടക്കൈ-ചൂരൽമല പുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ഉരുൾപൊട്ടൽ ബാധിത കുടുംബങ്ങൾക്ക് പുനരധിവാസത്തിനുള്ള ഫെയ്സ് 1 ഫെയ്സ് 24, ഫെയ്സ് 28 ലിസ്റ്റുകളിൽ ഉൾപ്പെട്ട 402 ഗുണഭോക്താക്കളിൽ, മുണ്ടക്കൈ-ചൂരൽമല പുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ സമ്മതം അറിയിച്ചിട്ടുള്ള ഉരുൾപൊട്ടൽ ബാധിതതരായ 107 ഗുണഭോക്താക്കൾക്ക് പരാമർശം (1) പ്രകാരം 15 ലക്ഷം രൂപ വീതം നൽകുന്നതിനായി ആകെ 16,05,00,000/- (പതിനാറ് കോടി അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്ന് വയനാട് ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, മുണ്ടക്കൈ-ചൂരൽമല പുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ സമ്മതം അറിയിച്ചിട്ടുള്ള ഉരുൾപൊട്ടൽ ബാധിതതരായ 107 ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിഹിതം 13,91,00,000/- രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നീതി വിഹിതം 2,14,00,000/- രൂപയും ചേർത്ത് ആകെ **16,05,00,000/-** (പതിനാറ് കോടി അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

വിതരണത്തിനാവശ്യമായി വരുന്ന CMDRF വിഹിതമായ **13,91,00,000/- രൂപ (പതിമൂന്ന് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASHREE T K

സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
ദുരന്തനിവാരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 06-06-2025 16:36:27
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
റവന്യൂ (ഡി ആർ എഫ് - എ & ഡി ആർ എഫ് - ബി) വകുപ്പുകൾക്ക്